Window : TC/KTR/03/2024-25 Dated 30/07/2024

# <u>വസ്തു ആവശ്യമുണ്ട്</u>

കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ 110kV സബ്സ്റ്റേഷൻ നിർമാണത്തിലേക്ക് കൊല്ലം ജില്ലയിലെ തേവലക്കര വില്ലേജിൽ 66kV ശാസ്താംകോട്ട - ചവറ ലൈനിന് സമീപം 90 സെന്റിൽ കുറയാത്ത കരപുരയിടം ആവശ്യമുണ്ട്. LARR Act പ്രകാരം ആയിരിക്കും സ്ഥലം ഏറ്റെടുക്കുന്നത്. ഭൂമി വില്പ്പനക്ക് താല്പര്യമുള്ളവർ 15 ദിവസത്തിനകം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, കൊട്ടാരക്കരയുമായി ബന്ധപ്പെടേണ്ടതാണ്. നിബന്ധനകളും കൂടുതൽ വിവരങ്ങളും www.kseb.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ബന്ധപ്പെടേണ്ട നമ്പര് . 0474- 2454273

ഒപ്പ്

കൊട്ടാരക്കര
**30/07/2024**

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
ട്രാൻസ്മിഷൻ സർക്കിൾ
കൊട്ടാരക്കര

## നിബന്ധന

1. ഭൂമി തേവലക്കര വില്ലേജിലൂടെ കടന്നുപോകുന്ന 66kV ശാസ്താംകോട്ട – ചവറ ഓവർ-ഹെഡ് ഫീഡറിന്റെ അടിയിലോ സമീപ പ്രദേശത്തോ ആകണം.
2. ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞത് 90 സെന്റ് ഉണ്ടാകണം.
3. ഭൂമിയുടെ തരം - കര
4. ഭൂമി സബ്‌സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായതും കെ. എസ്. ഇ. ബി. ലിമിറ്റഡ് നിഷ്കർഷിക്കുന്ന തരത്തിലുള്ളതുമാകണം.
5. ഭൂമിയുടെ വശങ്ങൾക്ക് കുറഞ്ഞത് 45 മീറ്റർ അളവ് ഉണ്ടായിരിക്കണം.
6. നിർമ്മാണ സാമഗ്രികളും പവർ ട്രാൻസ്ഫോർമറുകളും എത്തിക്കുന്നതിനു വേണ്ടി ട്രെയിലറോ, സമാനമായതോ ആയ ഭാര വാഹനങ്ങൾ അനായാസം കടന്നു പോകുന്നതിനുള്ള റോഡു സൗകര്യം ഉണ്ടായിരിക്കണം.
7. താല്പര്യപത്രത്തോടൊപ്പം ടി ഭൂമിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

   1. പ്രമാണത്തിന്റെ പകർപ്പ്

   2. ബാധ്യതാ സർട്ടിഫിക്കറ്റ്

   3.കൈവശാവകാശ രേഖ

   4.ലൊക്കേഷൻ സ്കെച്ച് (വില്ലേജ് ഓഫീസർ അറ്റസ്റ്റ് ചെയ്തത്)

   5.കരം ഒടുക്കിയ രസീതിന്റെ പകർപ്പ്.

8. മേൽപ്പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിക്കുന്നതും ഭൂമി സംബന്ധിച്ച് പൂർണ്ണമായതും സാധുവായതുമായ രേഖകൾ സമർപ്പിച്ചിട്ടുള്ളതുമായ സ്ഥലങ്ങളിൽ പരിശോധന നടത്തി ഏറ്റവും അനുയോജ്യമായവ മാത്രം പരിഗണിക്കുന്നതാണ്.
9. താല്പര്യ പത്രം സ്വീകരിക്കുന്നത് വസ്തു വാങ്ങും എന്ന ഉറപ്പിലോ കരാറിലോ അല്ല.